**കെനിയ പ്രസിഡണ്ട് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയിലെത്തുന്നു (ജനുവരി 10-12, 2017 )**

ജനുവരി 05, 2017

കെനിയയുടെ പ്രസിഡണ്ട് ഹിസ് എക്സലൻസി ഉഹുറു കെന്യാട്ട ജനുവരി 10-12, 2017 ല് ഔദ്യോഗികമായി ഇന്ത്യ സന്ദർശിക്കും . പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം . ഇരു നേതാക്കളും ജനുവരി 11 നു ന്യൂഡെൽഹിയില് ഔദ്യോഗിക ചർച്ചകള് നടത്തും. സന്ദർശനത്തോടനുബന്ധിച്ച് രാഷ്ട്രപതിയുമായി പ്രസിഡണ്ട് കെന്യാട്ട കൂടിക്കാഴ്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു . ഉപ രാഷ്ട്രപതി , ആഭ്യന്തര മന്ത്രി, പ്രതിരോധ മന്ത്രി എന്നിവര് ഉൾപ്പെടെയുള്ള ഇന്ത്യയിലെ വിശിഷ്ട വ്യക്തികള് പ്രസിഡണ്ട് കെന്യാട്ടയുമായി കൂടിക്കാഴ്ച നടത്തുമെന്ന് പ്രതീക്ഷിക്കുന്നു . പ്രസിഡണ്ട് കെന്യാട്ടയെ നിരവധി മന്ത്രിമാര് അനുഗമിക്കുമെന്ന് പ്രതീക്ഷിക്കുന്നു . ഡെൽഹിയില് 12 നു ഉച്ചക്കു മുൻപായി ഒരു ബിസിനസ് ഫോറത്തില് അദ്ദേഹം പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു .

ജനുവരി 10, 2017 നു പ്രസിഡണ്ട് കെന്യാട്ട ഗാന്ധിനഗറില് വൈബ്രന്റ് ഗുജറാത്ത് ഗ്ലോബല് സമ്മിറ്റിലും ബിസിനസ് ചടങ്ങുകളിലും പങ്കെടുക്കുകയും ചെയ്യും

ന്യൂഡെൽഹി
ജനുവരി 05, 2017